# 12. അതിമോഹം

ആഗ്രഹം നല്ലതാണ്. പക്ഷേ, അത്യാഗ്രഹം പാടില്ല.
അത് നമുക്ക് നഷ്ടം വരുത്തും.
തെണ്ടൻ കുറുക്കനെ നോക്കൂ.

വലിയ അത്യാർത്തിക്കാരനായിരുന്നു തെണ്ടൻ കുറുക്കൻ. താൻ വലിയ ബുദ്ധിമാനാണെന്ന അഹങ്കാരവും അവനുണ്ടായിരുന്നു. മുമ്പ് അവന്റെ അഛൻ സിംഹത്തെ തോല്പിച്ച കഥ എല്ലാവരോടും നൂറു തവണയെങ്കിലും പറഞ്ഞിട്ടുണ്ടാകും. മറ്റുള്ളവർ അത് കേൾക്കുകയല്ലാതെ ആരും അവനെ എതിർക്കാറില്ല. കാരണം, എതിർത്താൽ എന്തെങ്കിലും ചതിയിലൂടെ അവൻ പ്രതികാരം വീട്ടുമെന്ന് മൃഗങ്ങൾക്കൊക്കെ അറിയാമായിരുന്നു.



ഒരുദിവസം അവൻ ഇരതേടി നടക്കുന്നതിനിടയിൽ ഒരു സാധനം അവന്റെ ശ്രദ്ധയിൽ പെട്ടു. അതിനെ മുമ്പ് കണ്ടിട്ടില്ല. അതിന്റെ രണ്ട് ഭാഗവും പരന്നതും കയറുകൾ കൊണ്ട് ബന്ധിച്ചതുമായിരുന്നു.

അതിനോടടുക്കാൻ കുറുക്കന് അല്പം പേടി തോന്നി. അവൻ കാത്തിരുന്നു. അത് ഇരിക്കുന്നിടത്തുനിന്ന് ഇളകിയാൽ ഒറ്റച്ചാട്ടത്തിന് പിടികൂടണം. രണ്ട് ദിവസത്തേക്കുള്ള ശാപാടിന് അത് ധാരാളമാണ് എന്നൊക്കെ അവൻ കണക്ക് കൂട്ടി.

പെട്ടെന്നാണ് തെണ്ടന്റെ കൂട്ടുകാർ അതുവഴി വന്നത്. അവർ തിരക്കിട്ട് എങ്ങോട്ടോ പോവുകയായിരുന്നു. അവർ ഈ ഇരയെ കാണുമോ എന്ന് തെണ്ടൻ പേടിച്ചു അതിനെ മറഞ്ഞിരുന്നു.

"നീ എന്താ ഇവിടെ ഇരിക്കുന്നത്? മലയിൽ ധാരാളം മുയലുകൾ ഇറങ്ങിയിട്ടുണ്ട്. വാ. സമയം കളയേണ്ട." അവർ അവനെ വിളിച്ചു.

മുയൽ എന്ന് കേട്ടതോടെ അവന്റെ വായിൽ വെള്ളമൂറി. പക്ഷേ, കൈയിൽ കിട്ടിയ ഈ ഇരയെ എന്ത് ചെയ്യും? ഉടനെ അവൻ ഒരു ഉപായം കണ്ടെത്തി. "ഞാൻ കരടിവൈദ്യരുടെ ഒരു മരുന്നിന് കാവൽ നില്ക്കുകയാണ്. അവൻ വന്നാൽ ഉടൻ ഞാനെത്തിക്കൊള്ളാം." കുറുക്കൻ തന്റെ കൂട്ടുകാരോട് പറഞ്ഞു.



അതുകേട്ട് കൂട്ടുകാർ പോയി. അവർ സ്ഥലം വിട്ട ഉടനെ കുറുക്കൻ തന്റെ ഇര യുടെ നേരെ നടന്നു. ഇനിയും ആരെങ്കിലും വരുന്നതിന് മുമ്പ് ഇവനെ മാളത്തിലെത്തിക്കണം. കുറുക്കൻ ഒറ്റച്ചാട്ടം. അവന്റെ നഖങ്ങൾ തട്ടി അത് വലുതായി ശബ്ദിച്ചു. ശബ്ദം കേട്ട് തെണ്ടൻ വല്ലാതെ പേടിച്ചു. ഇതിന് മുമ്പ് അത്തരം ശബ്ദം അവൻ കേട്ടിട്ടില്ല. എങ്കിലും ഒരുവിധം ധൈര്യം സംഭരിച്ച് അവൻ അതിനെ കടിച്ചെടുത്തു.

ഇരയുടെ തൊലി പൊളിക്കാനായി തെണ്ടൻ പരമാവധി ശ്രമിച്ചു. മുഴുവൻ ശക്തിയും സംഭരിച്ച് ഏറെ നേരത്തെ അധ്വാനത്തിനൊടുവിൽ കുറുക്കൻ അതിന്റെ ഒരു ഭാഗം പൊളിച്ചു. അകത്ത് ഒന്നും കാണാത്തതിനാൽ അവൻ തല അകത്തേക്കിട്ടു. ഒന്നുമില്ല. അതിന്റെ അകം ശൂന്യമായിരുന്നു. പിന്നെ എവിടെനിന്നാണ് ശബ്ദം വന്നത്? അവൻ അത്ഭുതപ്പെട്ടു.

തേണ്ട തന്റെ ഇരയെ തിരിച്ചും മറിച്ചും നോക്കുന്നതിനിടയിലാണ് അവന്റെ കൂട്ടുകാർ നിറഞ്ഞ വറയുമായി തിരിച്ചുവരുന്നത്. അവർ അവനോട് ചോദിച്ചു:

"നല്ല ഒന്നാന്തരം മുയലിറച്ചിയാണ് ഞങ്ങളുടെ വയറ്റിൽ. നീ ഈ ചെണ്ട കൊണ്ട് എന്തെടുക്കുകയാണിവിടെ? അത് മനുഷ്യർ ശബ്ദമുണ്ടാക്കാൻ ഉപയോഗിക്കുന്ന ഉപകരണമല്ലേ? നിനക്കെന്തിനാ അത്?"

അപ്പോഴാണ് കുറുക്കന് തനിക്ക് അമളി പറ്റിയെന്ന് മനസ്സിലാക്കിയത്. മുയലിറച്ചി നഷ്ടപ്പെടുകയും വലിയ അമളി പറ്റുകയും ചെയ്ത വേദനയോടെ അവൻ മാനത്തേക്ക് നോക്കി ഉച്ചത്തിൽ അലറാൻ തുടങ്ങി.

*അത്യാഗ്രഹം നല്ലതല്ല. കിട്ടിയതുകൊണ്ട് ഇഷ്ടപ്പെടാൻ പരിശ്രമിക്കുക. അത് നമുക്ക് സമാധാനം തരും.*